**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -6285** **20.11.2019-ലെ മറുപടി**

**ഉഴവൂർ-വെളിയന്നൂർ, കട്ടുത്തുരുത്തി എന്നീ കടിവെള്ള പദ്ധതികളുടെ സ്തംഭനാവസ്ഥ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.മോൻസ് ജോസഫ്** | | **കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പ് മന്ത്രി)** |
| എ) | എം.എൽ.എ. ആസ്തി വികസന പദ്ധതി പ്രകാരം ഉഴവൂർ-വെളിയന്നൂർ പഞ്ചായത്തിലെ കുടിവെള്ള പദ്ധതിക്കുള്ള ടാർ കട്ടിംഗ് ചാർജ്ജും കടുത്തുരുത്തി പഞ്ചായത്തിലെ മിനി സിവിൽ സ്റ്റേഷൻ റോഡ് റീസ്റ്റോറേജ് ചാർജ്ജും കേരളാ വാട്ടർ അതോറിറ്റി പൊതുമരാമത്ത് വകുപ്പിന് അടയ്ക്കാത്തതു കാരണം ആസ്തി വികസന പദ്ധതി പ്രകാരമുള്ള കുടിവെള്ള പദ്ധതിക്ക് നേരിടുന്ന സ്തംഭനാവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുമോ; | എ) | ആസ്തി വികസന ഫണ്ടിൽ നിന്നും കേരള വാട്ടർ അതോറിറ്റിയുടെ ബജറ്റ് വിഹിതം ലഭിക്കുന്ന മുറയ്ക്ക് പൊതുമരാമത്ത് വകുപ്പിന് തുക ഒടുക്കുന്നതാണ്. |
| ബി) | അതു സംബന്ധിച്ച് കേരളാ വാട്ടർ അതോറിറ്റി കടുത്തുരുത്തി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഫിനാൻസ് മാനേജർക്ക് നൽകിയിരുന്ന 12-6-2019-ലെ കത്തിൽ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കാമോ; | ബി) | കേരളാ വാട്ടർ അതോറിറ്റി കടുത്തുരുത്തി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ 12.06.2019-ലെ കത്ത് മുഖേന പൊതുമരാമത്ത് വകുപ്പിന് നൽകുവാനുള്ള തുക ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ടി ശീർഷകത്തിൽ തുക ലഭ്യമല്ലാത്തതിനാൽ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് പണം അനുവദിച്ച് നൽകിയിട്ടില്ല. ആസ്തി വികസന ഫണ്ടിൽ നിന്ന് 20 കോടി രൂപ വിട്ടുതൽ നല്കാൻ കേരള വാട്ടർ അതോറിറ്റി സർക്കാരിനോട് അപേക്ഷിച്ചിട്ടുള്ളത് സർക്കാരിന്റെ പരിഗണനയിലാണ്. ടി തുക അനുവദിക്കുന്ന മുറയ്ക്ക് പൊതുമരാമത്ത് വകുപ്പിന് തുക ഒടുക്കുന്നതാണ്. |
| സി) | ആസ്തി വികസന പദ്ധതി പ്രകാരം നിർദ്ദേശിച്ച പ്രസ്തുത പദ്ധതി എത്രയും വേഗം പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | | ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിക്കുന്ന മുറയ്ക്ക് പൊതുമരാമത്ത് വകുപ്പിൽ തുക അടയ്ക്കുന്നതും റോഡ് കട്ടിംഗ് അനുവാദം കിട്ടുന്ന മുറയ്ക്ക് പ്രവൃത്തികൾ പൂർത്തിയാക്കുന്നതുമാണ്. |

Renuka Sankar

സെക്ഷൻ ഓഫീസർ